

Week-3

# Fans sans leaves (ഇലകൾ നഷ്ടമായ കാറ്റാടിയന്ത്രം)

കാറ്റാടിയന്ത്രത്തിന്റെ കാറ്റ് മനുഷ്യർ ഏറ്റവും ആഗ്രഹിക്കുന്നത് ഏപ്രിൽ, മെയ് മാസങ്ങളിലാണ്. കാറ്റുകൊണ്ടായാലും മോട്ടർ കൊണ്ട യാലും ഈ യന്ത്രങ്ങൾക്ക് ചൈതന്യവും ഭംഗിയും നൽകുന്നത് അവ യുടെ ഇലകളാണ്. ഇലകൾ നഷ്ടമായ കാറ്റാടി യന്ത്രത്തിന് അതിന്റെ ഫലം പുറപ്പെടുവിക്കുവാൻ കഴിയുന്നില്ല. ദൈവത്തിന്റെ പക്കൽ യാതൊരു മുഖപക്ഷവുമില്ല. കറുത്തവനെന്നോ, വെളുത്തവനെന്നോ ഇല്ല. ദൈവം എല്ലാവരേയും ഒരു പോലെ ഉണർത്തുവാനും ചലിപ്പിക്കുവാനും ആഗ്രഹി ക്കുന്നു. ഓരോരുത്തരുടേയും ചലനത്തിൽകൂടി ദൈവം വിവിധകാര്യ ങ്ങൾ ചെയ്തുതീർക്കുവാൻ ആഗ്രഹിക്കുന്നു. ഇലകൾ എല്ലാം ഒരുപോലെ ചലിക്കുമ്പോൾ മാത്രമേ യന്ത്രം കൊണ്ട് നാംഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുകയുള്ളൂ. ഇലകൾ നഷ്ടപ്പെട്ടാൽ ചലനത്തിന് മാറ്റം സംഭവിക്കു ന്നു.

നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല, നന്മ തന്നേ അന്വേഷിക്കു വിൻ എന്ന് ആമോ: (5:14) ൽ കാണാം. തിന്മയുടെ പുറകേ പോകുവാൻ കാരണമാകുന്ന ഘടകങ്ങളാണ് ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഈ മൂന്ന് ഘടകങ്ങൽ നമ്മിൽ നിന്നും പല ആത്മീയ ഇലക ളേയും വാട്ടിക്കളയുന്നു. ആത്മീയ ഇലകൾ നഷ്ടമാകുമ്പോൾ നാം മനുഷ്യ രിലാശ്രയം വയ്ക്കുന്നു. മനുഷ്യനിൽ ആശ്രയിച്ച് ജഢത്തെ തന്റെ ഭുജ മാക്കി ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്നവൻ ശപിക്കപ്പെട്ടവനാണ്. (യിര:17:5).ഇതോടെ ആത്മീയ ഇലകൾ കൊഴിഞ്ഞ് നാം ചലനശക്തി നഷ്ട പ്പെട്ടവരായിത്തീരും.

ജന്മനാതന്നെ പൂർണ്ണമായി യഹോവയ്ക്ക് സമർപ്പിക്കപ്പെട്ട നാസീർവ്രതസ്ഥനാണ് ശിംശോൻ. വിശുദ്ധിയുടെ ഉന്നതനിലവാരം ജന ത്തിന്റെ സാന്നിദ്ധ്യത്തിൽ തങ്ങളുടെ ജീവിതരീതിയിൽ കൂടെ വ്യക്തമാക്കു

വാൻ കഴിയുന്നതിനായി ദൈവത്താൽ തന്നെയാണ് നാസീർവ്രതസ്ഥൻ എഴുന്നേൽപ്പിക്കപ്പെടുന്നത്. (ന്യായാ:13:5) ശിംശോൻ ദൈവാത്മാവിനാൽ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തി ആയിരുന്നു. നാലുപ്രാവശ്യം യഹോവയുടെ ആത്മാവ് ശിംശോന്റെ മേൽ വന്നതായി കാണാം.

Read -ന്യായാ:(13:25),(14:6), (14:19),(15:14)

അതുമൂലം അവന് വലിയ ശക്തി ലഭിച്ചു. എന്നാൽ ആത്മാവിന്റെ ഫലങ്ങളായ സാക്ഷാൽ സ്നേഹവും , ഇന്ദ്രിയജയവും പരാജയത്തിലേക്കും, ശാരീരിക മരണത്തിലേക്കും നയിച്ച ഗുരുതരമായ തെറ്റുകൾ അവന്റെ ജീവിതത്തിലുണ്ടായി. ജഡമോഹം ,കൺമോഹം, ഇവയാൽ അവനിലെ ആത്മീയ ഇലകൾ കൊഴിഞ്ഞു പോയി. എന്താണ് ഇതിന്റെ കാരണം?

അവൻ ചെയ്ത ഗുരുതരമായ തെറ്റുകൾ

1. ശിംശോന്റെ ജീവിതം ദൈവവചനത്തിൽ നങ്കൂരമിട്ടില്ല. ദൈവകല്പനയോട് അവൻ ബഹുമാനക്കുറവ് കാണിക്കുക മാത്രമല്ല അവഗണിക്കുകയും ചെയ്തു.

2. അവന്റെ മോഹങ്ങളെ നിവർത്തിക്കേണ്ടതിന് , തന്റെ മാതാപിതാക്കളിൽ കൂടെ ദൈവം നൽകിയ നിർദ്ദേശങ്ങളെ അവഗണിക്കുകയും , ദൈവീക പാരമ്പര്യം ഉപേക്ഷിക്കുകയും ചെയ്തു.

3. മോശയെപ്പോലെ പാപത്തിന്റെ താല്ക്കാലിക ഭോഗത്തേക്കാൾ ദൈവജനത്തോട് കൂടെ കഷ്ടം അനുഭവിക്കുന്നത് തിരഞ്ഞെടുക്കുവാൻ ശിംശോന് കഴിയാതെ പാപമോഹങ്ങൾ തിരഞ്ഞെടുത്തു.

4. വ്യക്തിപരമായ ലാഭത്തിനും, പ്രയോജനത്തിനുമായി ദൈവവരങ്ങളെ അവൻ ദുരുപയോഗപ്പെടുത്തി.

തൃപ്തിപ്പെടുത്തുവാനാവാത്ത ജഡമോഹം ആണ് അവന്റെ വീഴ്ചയ്ക്ക് കാരണമായത്. ദുർന്നടപ്പുകാരും വിഗ്രഹാരാധികളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പുകൾ അവനെ ചലനമറ്റവനാക്കി. എന്തു ചെയ്താലും കുഴപ്പമില്ല എന്ന് കരുതുന്നവരേ ഓർക്കുക നിന്നെ ജീവനും ചൈതന്യവുമുള്ളവനാക്കുവാൻ ആഗ്രഹിക്കുന്ന ദൈവത്തെ മറന്നാൽ ദൈവം നിന്നിൽ നിന്നും അകലും. ദൈവീക പ്രമാണങ്ങൾ അനുസരിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.



## <u>പ്രാർത്ഥന</u>

മനുഷ്യന്റെ വഴിയിൽ ദൃഷ്ടിവയ്ക്കുന്നവനായ കർത്താവേ ! നടക്കുമ്പോൾ വഴികാണിപ്പാൻ, ഉറങ്ങുമ്പോൾ കാക്കുവാൻ, ഉണരുമ്പോൾ സംസാരിപ്പാനും കഴിയുന്ന വചനം ഹൃദയത്തിൽ സംഗ്രഹിച്ച് ജീവനും ഓജസ്സുമുള്ളവരായി ചലിപ്പാൻ കൃപ നൽകേണമേ, യേശുവിൻ നാമത്തിൽ തന്നേ ആമേൻ.

**Santhamma varghese**